## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 572 02.12.14 ലെ മറുപടിക്ക്**

**"ചെക്ക്പോസ്റ്റുകളുടെ നവീകരണം "**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമല്ലാത്തത് നികുതി വരുമാനത്തിന്റെ കുറവിന് കാരണമായിട്ടുണ്ടോ; | (എ) | ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ചെക്ക്പോസ്റ്റുകളുടെ നവീകരണം സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ; | (ബി) | ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി ചരക്കുവാഹനങ്ങളുടെ പരിശോധന കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും സംയോജിതചെക്ക്പോസ്റ്റ് എന്ന ആശയം മുൻനിർത്തി മോട്ടോർവാഹന, എക്സൈസ് വകുപ്പുകളെ ഏകോപിപ്പിച്ച് 2011- സെപ്റ്റംബറിൽ അമരവിളയിൽ സംയോജിതചെക്ക്പോസ്റ്റ് സംവിധാനം നിലവിൽ വന്നു. സംസ്ഥാനത്തെ മറ്റ് പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളായ ആര്യങ്കാവ്, വാളയാർ, വഴിക്കടവ്, മുത്തങ്ങ, ബഗ്ര മഞ്ചേശ്വരം എന്നിവ |

| | | | |
|---|---|---|---|
| | | | സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി മൊബൈൽ വെഹിക്കിൾ സ്കാനിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പഠിക്കുന്നതിനായി 13.03.2014-ലെ സർക്കാർ ഉത്തരവ് (ആർ. ടി)നം.208/2014/നി.വ പ്രകാരം നികുതി വകുപ്പ് സെക്രട്ടറി ചെയർമാനായും, ഗിഫ്റ്റ് രജിസ്ട്രാർ കൺവീനറായും വാണിജ്യനികുതി കമ്മീഷണർ, എക്സൈസ് കമ്മീഷണർ, മോട്ടോർ വെഹിക്കിൾ കമ്മീഷണർ എന്നിവർ മെമ്പർമാരായുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് പഠനം നടത്തിവരുന്നു. |
| (സി) | ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ പ്രധാനപ്പെട്ട എ-ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർ വത്ക്കരിച്ച് ഓൺലൈൻ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥം ടിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് |

| | | | |
|---|---|---|---|
| | | | ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നട്ടപ്പുണി,കുട്ടുപുഴ, ബംഗ്ര മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക് പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി,വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**